(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ എത്ര ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചു; ആകെ എത്ര തുകയാണ് അനുവദിച്ചത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്കൂൾ - 1298

കോളേജ് - 165

(ബി) ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 എന്നീ ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 എന്നീ ക്ലാസ്സുകളിലും 2016-17 അദ്ധയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി 3,32,97,431 (മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചു.

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ സംസ്ഥാനത്തെ 11 ലഹരിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കുമായി ആകെ 1,00,35,840 രൂപയാണ് (ഒരു കോടി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ മാത്രം) അനുവദിച്ചിട്ടുള്ളത്. അതിൽ ആദ്യ തവണയായി 40,14,336 രൂപ. (നാൽപ്പത് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി മുപ്പത്തിആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

മദ്യത്തിന്റെ വില കൂടുന്നതിന് കോർപ്പറേഷൻ അംഗീകാരം

116 (117) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യ കമ്പനികളുടെ എത്ര ഇനം മദ്യത്തിന്റെ വില കമ്പനികൾ കുറയ്ക്കുകയുണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം ഇനം മദ്യത്തിന്റെ എത്ര ശതമാനം വീതം കുറവ് വരുത്തുകയുണ്ടായിട്ടുണ്ട് ;

(സി) ബിവറേജസ് കോർപ്പറേഷൻ വിലകുറച്ച് ടെണ്ടർ സമർപ്പിക്കാൻ ആവശ്യപ്പെട്ടത് ഏറ്റവും ഒടുവിൽ ഏത് തീയതിയിലായിരുന്നു ; അതനുസരിച്ച് ഏതെല്ലാം കമ്പനികളുടെ വില കുറവിന് കോർപ്പറേഷൻ അംഗീകാരം നല്കുകയുണ്ടായി ; വിശദമാക്കാമോ ;

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്ത ഇനവും പിന്നീട് ക്വാട്ട് ചെയ്ത കുറഞ്ഞ വിലയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) 2014-15 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്ന റേറ്റ് കോൺട്രാക്ട് പ്രകാരം 19 ഇന്ത്യൻ നിർമ്മിത വിദേശ കമ്പനികളുടെ 130 ഇനം (ബ്രാന്റ് & പാക്ക്) മദ്യത്തിന്റെ വില 2013-14-ലെ വിലയേക്കാൾ കമ്പനികൾ കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബിവറേജസ് കോർപ്പറേഷൻ വില കുറച്ച് ടെണ്ടർ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ ക്ഷണിച്ച 2014-15-ലെ കോൺട്രാക്ട് പ്രകാരം 19 കമ്പനികൾ സ്വമേധയാ വില കുറച്ച് ഓഫറുകൾ സമർപ്പിക്കുകയും, ആയത് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ടെണ്ടറിൽ ആദ്യം ക്വാട്ട് ചെയ്യുകയും സ്വീകരിക്കുകയും ചെയ്ത ഇനമാണ് ടെണ്ടർ കാലാവധി മുഴുവൻ നിലനിൽക്കുന്നത്. പിന്നീട് കുറഞ്ഞ വില ക്വാട്ട് ചെയ്യാൻ കമ്പനികളോട് ആവശ്യപ്പെടാറില്ല.

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

117 (118) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ താലൂക്ക് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly